Liturgy for the

# Jesus Youth

## COMMITMENT DAY




A MISSIONARY MOVEMENT
AT THE SERVICE OF THE CHURCH

# ജീസസ് യൂത്ത് സമർപ്പണദിന പ്രാർത്ഥനകൾ

## 1. പ്രാരംഭപ്രാർത്ഥന

ലീഡർ : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂഹം : ആമേൻ

ലീഡർ : കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ.

സമൂ : കർത്താവേ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ.

ലീഡർ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയായിരിക്കട്ടെ.

സമൂ : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ.

*ഗാനം*

## 2. സങ്കീർത്തനം 46: 1–10

*(രണ്ടു ഗണമായി ചൊല്ലുക)*

1. ദൈവമാണു നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്നു സുനിശ്ചിമായ തുണയാണ്.

2. ഭൂമി ഇളകിയാലും പർവ്വതങ്ങൾ സമുദ്രമധ്യത്തിൽ അടർന്നു പതിച്ചാലും നാം ഭയപ്പെടുകയില്ല.

1. ജലം പതഞ്ഞുയർന്നിരമ്പിയാലും അതിന്റെ പ്രകമ്പനംകൊണ്ടു പർവ്വതങ്ങൾ വിറകൊണ്ടാലും നാം ഭയപ്പെടുകയില്ല.

2. ദൈവത്തിന്റെ നഗരത്തെ, അത്യുന്നതന്റെ വിശുദ്ധ നിവാസത്തെ സന്തുഷ്ടമാക്കിക്കൊണ്ട് ഒഴുകുന്ന ഒരു നദിയുണ്ട്.

1. ആ നഗരത്തിൽ ദൈവം വസിക്കുന്നു; അതിന് ഇളക്കം തട്ടുകയില്ല. അതിരാവിലെ ദൈവം അതിനെ സഹായിക്കും.

2. ജനതകൾ ക്രോധാവിഷ്ടരാകുന്നു; രാജ്യങ്ങൾ പ്രകമ്പനം കൊള്ളുന്നു; അവിടുന്നു ശബ്ദ മുയർത്തുമ്പോൾ ഭൂമി ഉരുകിപ്പോകുന്നു.

1. സൈന്യങ്ങളുടെ കർത്താവ് നമ്മോടു കൂടെയുണ്ട്; യാക്കോബിൻ ദൈവമാണു നമ്മുടെ അഭയം.

2. വരുവിൻ കർത്താവിന്റെ പ്രവൃത്തികൾ കാണുവിൻ; അവിടുന്നു ഭൂമിയെ എങ്ങനെ ശൂന്യ മാക്കിയിരിക്കുന്നു എന്നു കാണുവിൻ.

1. അവിടുന്നു ഭൂമിയുടെ അതിർത്തിയോളം യുദ്ധമില്ലാതാക്കുന്നു; അവിടുന്നു വില്ലൊടിക്കു കയും കുന്തം തകർക്കുകയും ചെയ്യുന്നു; രഥങ്ങളെ അഗ്നിക്കിരയാക്കുന്നു.

2. ശാന്തമാവുക ഞാൻ ദൈവമാണെന്നറിയുക; ഞാൻ ജനതകളുടെ ഇടയിൽ ഉന്നതനാണ്; ഞാൻ ഭൂമിയിൽ ഉന്നതനാണ്.

(1) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയായിരിക്കട്ടെ.

(2) ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ.

1 & 2 ദൈവമാണു നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ്.

ഗാനം (പ്രെയിസ് & വർഷിപ്പ്)

## 3. ദൈവവചനഭാഗം

ലൂക്കാ 24 : 36–49

അവർ ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശു അവരുടെ മധ്യേ പ്രത്യക്ഷനായി അവരോട് അരുളിച്ചെയ്തു: നിങ്ങൾക്കു സമാധാനം! അവർ ഭയന്നു വിറച്ചു. ഭൂതത്തെയാണ് കാണുന്നത് എന്ന് അവർ വിചാരിച്ചു. അവൻ അവരോടു ചോദിച്ചു: നിങ്ങൾ

അസ്വസ്ഥരാകുന്നതെന്തിന്? നിങ്ങളുടെ മനസ്സിൽ ചോദ്യങ്ങൾ ഉയരുന്നതും എന്തിന്? എൻെറ കൈകളും കാലുകളും കണ്ട് ഇതു ഞാൻ തന്നെയാണെന്നു മനസ്സിലാക്കുവിൻ.

എന്നെ സ്പർശിച്ചുനോക്കുവിൻ. എനിക്കുള്ളതുപോലെ മാംസവും അസ്ഥികളും ഭൂതത്തിന് ഇല്ലല്ലോ. എന്നിട്ടും അവർ സന്തോഷാധികൃത്താൽ അവിശ്വസിക്കുകയും അദ്ഭുതപ്പെടുകയും ചെയ്തപ്പോൾ അവൻ അവരോടുചോദിച്ചു: ഇവിടെ ഭക്ഷിക്കാൻ എന്തെങ്കിലുമുണ്ടോ? ഒരു കഷണം വറുത്ത മീൻ അവർ അവനു കൊടുത്തു.അവൻ അതെടുത്ത് അവരുടെ മുമ്പിൽവച്ചു ഭക്ഷിച്ചു. അവൻ അവരോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകൻമാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു എന്ന് ഞാൻ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ പറഞ്ഞിട്ടുണ്ടല്ലോ. വിശുദ്ധലിഖിതങ്ങൾ ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ്സ് അവൻ തുറന്നു. അവൻ പറഞ്ഞു: ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യണം; പാപമോചനത്തിനുള്ള അനുതാപം അവൻെറ നാമത്തിൽ ജറുസലെമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്. ഇതാ, എൻെറ പിതാവിൻെറ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ.

## 4. ദൈവവചന വിചിന്തനം

എല്ലാവരും ഇരുന്ന് പ്രസംഗം ശ്രവിക്കുന്നു. വൈദികൻ വചനം വ്യാഖ്യാനിക്കുകയും സമർപ്പണം, പ്രതിജ്ഞ എന്നിവ സഭയ്ക്കും മുഴുവൻ മാനവരാശിക്കുമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ച് എത്രവലിയ ദൈവികദാനവും വിളിയുമാണെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

## പരിശോധന

പ്രസംഗശേഷം സമർപ്പണ പ്രതിജ്ഞ എടുക്കാനുള്ളവർ എഴുന്നേറ്റു നിൽക്കുന്നു. കാർമ്മികൻ/ ജീസസ് യൂത്ത് ചാപ്ലെൻ സമർപ്പണപ്രതിജ്ഞയെ തുടർന്നുള്ള ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ തക്ക പാകത അവർക്കുണ്ടോ എന്ന് പരിശോധിക്കുന്നു.

**കാർമ്മികൻ/ ചാപ്ലെൻ** : ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ ജലത്താലും ആത്മാവിനാലും മുൻപേതന്നെ ദൈവശുശ്രൂഷയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളവരാണ് നിങ്ങൾ. ജീസസ് യൂത്ത് മുന്നേറ്റത്തിൽ നിങ്ങൾ എടുക്കുന്ന സമർപ്പണ പ്രതിജ്ഞ വഴി അവിടുത്തോട് കൂടുതൽ ഗാഢമായ സ്നേഹൈക്യത്തിലായിത്തീരാൻ നിങ്ങൾ തയ്യാറാണോ?

**സമർപ്പണാർത്ഥികൾ**: ദൈവകൃപയാൽ ഞങ്ങൾ സന്നദ്ധരാണ്

**കാർമ്മികൻ/ ചാപ്ലെൻ** : ക്രിസ്തുവിനെ പരിപൂർണ്ണമായി പിൻചെല്ലുവാൻ നിങ്ങൾ അഭിലഷിക്കുന്ന ഈ വേളയിൽ കത്തോലിക്കാസഭയുടെ പ്രബോധനാധികാരത്തോടും ജീസസ് യൂത്ത് ആദ്ധ്യാത്മികത പിന്തുടരുന്നതിനോടും ജീസസ് യൂത്ത് തുടർ രൂപവത്കരണം സ്വീകരിക്കുന്നതിനോടും ജീസസ് യൂത്ത് പ്രേഷിതപ്രവർത്തനങ്ങളോടും വിശ്വസ്തത കാണിക്കുവാൻ നിങ്ങൾ തയ്യാറാണോ?

**സമർപ്പണാർത്ഥികൾ**: ദൈവകൃപയാൽ ഞങ്ങൾ സന്നദ്ധരാണ്.

**കാർമ്മികൻ/ ചാപ്ലെൻ** : സർവ്വശക്തനായ ദൈവം, തീരുമാനങ്ങൾ പൂർത്തീകരിക്കുവാൻ ആവശ്യമായ കൃപാവരം നിങ്ങൾക്ക് നൽകുമാറാകട്ടെ.

## 5. ജീസസ് യൂത്ത് സമർപ്പണ പ്രതിജ്ഞ

**ക്ഷണം**

സമർപ്പണ പ്രതിജ്ഞ എടുക്കുന്നവർ മാത്രം എഴുന്നേറ്റുനിൽക്കുന്നു. തുടർന്ന് സമർപ്പണ പ്രതിജ്ഞ എടുക്കാൻ ആഗ്രഹിക്കുന്നവരെ കോർഡിനേറ്റർ താഴെ പറയുന്ന രീതിയിൽ ക്ഷണിക്കുന്നു.

**കോർഡിനേറ്റർ:**

സമർപ്പണ പ്രതിജ്ഞ എടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻപോട്ട് വരാമോ?

**മുഖ്യ കാർമ്മികൻ/ ജീസസ് യൂത്ത് ചാപ്ലെൻ** : പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ ദൈവത്തിൽനിന്നും അവിടുത്തെ തിരുസഭയിൽനിന്നും നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത്?

**സമർപ്പണാർത്ഥികൾ**: ദൈവകരുണയും ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ വിശ്വസ്തതാപൂർവ്വം അവിടുത്തേയ്ക്ക് ശുശ്രൂഷ ചെയ്യുവാനാവശ്യമായ കൃപയും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**സമർപ്പണവും പ്രതിജ്ഞ ഒപ്പുവയ്ക്കലും**

കാർമ്മികൻ അൾത്താരയ്ക്കു മുൻപിലായി ഉപവിഷ്ടനാകുന്നു. രണ്ട് മുതിർന്ന നേതാക്കൾ കാർമ്മികന് സമീപം സാക്ഷികളായി നിൽക്കുന്നു. സമർപ്പണാർത്ഥികൾ ഓരോരുത്തരായോ എല്ലാവരും ഒന്നിച്ചോ കാർമ്മികന്റെ മുൻപിൽ മുട്ടുകുത്തി സമർപ്പണ പ്രതിജ്ഞ ഏറ്റുചൊല്ലുന്നു. സമർപ്പണപ്രതിജ്ഞ ഏറ്റുചൊല്ലിയശേഷം സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ സമർപ്പണാർത്ഥി പ്രതിജ്ഞയിൽ ഒപ്പുവയ്ക്കുകയും അൾത്താരയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

**സമർപ്പണ പ്രതിജ്ഞ എടുത്തവർക്ക് വേണ്ടിയുള്ള പ്രാർത്ഥന**

**കാർമ്മികൻ/ ചാപ്ലെൻ** : കർത്താവേ അങ്ങേ സഭാ സന്നിധിയിൽവച്ച് ഈ സമർപ്പണ പ്രതിജ്ഞ എടുക്കുന്നതുവഴി തങ്ങളുടെ ജീവിതങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ച, അങ്ങേ പുത്രീപുത്രന്മാരെ കരുണാപൂർവ്വം വീക്ഷിക്കണമെ; അങ്ങനെ അവരുടെ ജീവിതങ്ങൾ അങ്ങേ നാമത്തിന്റെ മഹത്വത്തിനും അങ്ങയുടെ രക്ഷാകര പദ്ധതിയുടെ വ്യാപനത്തിനും കാരണമായിത്തീരട്ടെ. ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥനകൾ കേട്ടരുളണമേ.

**സമൂഹം:** ആമേൻ

## 6 പ്രതിവചന സങ്കീർത്തനം ( Response oral paslm)

സഭാമാതാവിനോട് ചേർന്ന് നമുക്ക് പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യാം.

സ്രഷ്ടാവേ, ആത്മാവേ വന്നാലും'

**ലീഡർ** : പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**സമൂ** : പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**ലീഡർ** : അങ്ങു സൃഷ്ടിച്ച ഹൃദയങ്ങളെ നിറയ്ക്കാനായി സ്വർഗ്ഗീയ സഹായവും അങ്ങയുടെ കൃപയുമായി കടന്നുവരണമേ

**സമൂ** : പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**ലീഡർ** : അത്യുന്നതനായ ദൈവത്തിന്റെ സ്വർഗ്ഗീയ ദാനമേ, ജീവന്റെ ഉറവയേ, സ്നേഹാഗ്നിയേ, ഉന്നതത്തിൽ നിന്നുള്ള മാധുര്യമേറിയ അഭിഷേകമേ, ഞങ്ങളുടെ സമാശ്വാസകനേ ഞങ്ങൾ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു.

**സമൂ** : പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**ലീഡർ:** വരദാനങ്ങളുടെ സമൃദ്ധി നിർലോഭമായി ദാനം ചെയ്യുന്നവനെ, ദൈവകരങ്ങളുടെ സ്പർശനം ഞങ്ങൾക്ക് അനുഭവവേദ്യമാക്കുന്നവനെ, ദൈവപിതാവിന്റെ വാഗ്ദാനമേ, ഞങ്ങളുടെ നാവുകളെ ശക്തിയാൽ അഭിഷേകം ചെയ്യുന്നവനേ.

**സമൂ** : പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**ലീഡർ** : ഞങ്ങൾക്ക് സ്വർഗ്ഗീയജ്ഞാനം നൽകേണമേ, അങ്ങയുടെ സ്നേഹത്താൽ ഞങ്ങളുടെ ഹൃദയങ്ങൾ നിറയട്ടെ. ക്ഷമാശീലത്താലും ഉന്നതമായ പുണ്യങ്ങളാലും ഞങ്ങളുടെ ശരീരത്തിന്റെ കുറവുകളെ നികത്തണമേ.

**സമൂ** : പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**ലീഡർ** : ഞങ്ങൾ ഭയക്കുന്ന ശത്രുവിനെ ദൂരെയകറ്റണമേ, അങ്ങനെ അങ്ങയുടെ സമാധാനം ഞങ്ങളാസ്വദിക്കട്ടെ. ഞങ്ങൾ ജീവന്റെ പാതയിൽ നിന്ന് അകന്നു പോകാതിരിക്കുവാനായി അങ്ങ് ഞങ്ങളെ നയിക്കുകയും ചെയ്യണമേ.

**സമൂ** : പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**ലീഡർ** : ഞങ്ങളിൽ ചൊരിയുന്ന കൃപ വഴിയായി ഞങ്ങൾ പിതാവിനേയും പുത്രനേയും ആഴത്തിൽ അറിയട്ടെ, അങ്ങ് നിത്യനും മഹോന്നതനും ആയ ആത്മാവാണ് എന്ന് അനന്തകാലത്തോളം ഏറ്റു പറയപ്പെടുകയും ചെയ്യട്ടെ.

**സമൂ** : പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**ലീഡർ** : ഓ, പരിശുദ്ധനായ ആശ്വാസദായകനേ അങ്ങയോടൊപ്പം പിതാവിനും, മരിച്ചവരിൽ നിന്നും ഉയിർത്ത പുത്രനും ഭൂമി മുഴുവനിലും സ്വർഗ്ഗത്തിലും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മേൻ

**സമൂ :** പരിശുദ്ധാത്മാവേ, അങ്ങയുടെ സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഭരിക്കണമേ.

**പരിശുദ്ധാത്മാവിനോടുള്ള പ്രതിഷ്ഠാ ജപം**

ദൈവത്തിന്റെ നിത്യനായ പരിശുദ്ധാത്മാവേ, സ്വർഗ്ഗീയ സാക്ഷികളുടെ മഹാസമൂഹത്തിനു മുമ്പിൽ, മുട്ടിന്മേൽ നിന്നുകൊണ്ട് എന്നെത്തന്നെയും, എന്റെ ആത്മാവിനേയും ശരീരത്തേയും ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അങ്ങയുടെ പരിശുദ്ധിയുടെ വെണ്മയെയും തെറ്റുവരാത്ത നീതിയെയും സ്നേഹത്തിന്റെ ശക്തിയേയും ഞാൻ ആരാധിക്കുന്നു. അങ്ങുന്ന് എന്റെ ആത്മാവിന് ശക്തിയും പ്രകാശവുമാകുന്നു. ഞാൻ അങ്ങയിൽ ജീവിക്കുകയും ചലിക്കുകയും ആയിരിക്കുകയും ചെയ്യുന്നു. അങ്ങയുടെ കൃപാവരത്തോട് അവിശ്വസ്തത കാണിച്ച് അങ്ങയെ ഒരിക്കലും ദുഃഖിപ്പിക്കരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങേയ്ക്കെതിരായി ഏറ്റവും ചെറിയ പാപംപോലും ചെയ്ത് അങ്ങയെ ഉപദ്രവിക്കാൻ എനിക്ക് ഇടയാക്കല്ലെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ഓരോ ചിന്തയേയും അവിടുന്ന് കാരുണ്യപൂർവ്വം കാത്തുസൂക്ഷിക്കണമേ, എപ്പോഴും അങ്ങയുടെ പ്രകാശത്തിലേക്ക് നോക്കാനും അങ്ങയുടെ സ്വരം കേൾക്കാനും അങ്ങയുടെ കരുണാമയമായ പ്രചോദനങ്ങളെ പിന്തുടരുവാനും എനിക്ക് അനുഗ്രഹം നൽകേണമേ. ഞാൻ അങ്ങയിൽ പൂർണ്ണമായി ആശ്രയിക്കുന്നു. എന്നെത്തന്നെ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. എന്റെ ബലഹീനതയിൽ എന്നെ സംരക്ഷിക്കണമെന്ന് ഞാൻ യാചിക്കുന്നു. യേശുവിന്റെ മുറിവേറ്റ പാദങ്ങളിൽ പിടിച്ചുകൊണ്ടും അവിടുത്തെ അഞ്ചു തിരുമുറിവുകളിൽ നോക്കിക്കൊണ്ടും അവിടുത്തെ അമൂല്യരക്തത്തിൽ ആശ്രയിച്ചുകൊണ്ടും അവിടുത്തെ വിലാപ്പുറത്തെയും കുത്തിമുറിവേൽപ്പിക്കപ്പെട്ട ഹൃദയത്തേയും ആരാധിച്ചുകൊണ്ടും ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ആരാധ്യനായ പരിശുദ്ധാരൂപിയും ദൗർബല്യത്തിൽ എന്റെ സഹായിയുമായ അങ്ങയോട് ഞാൻ യാചിക്കുന്നു. ഞാൻ ഒരിക്കലും അങ്ങേയ്ക്കെതിരെ പാപം ചെയ്യാതിരിക്കാൻ അങ്ങയുടെ കൃപാവരത്താൽ സഹായിക്കേണമേ. പരിശുദ്ധാത്മാവേ, പിതാവിന്റെയും പുത്രന്റെയും ചൈതന്യമേ, എനിക്ക് അനുഗ്രഹം നൽകണമേ. അങ്ങനെ എപ്പോഴും എല്ലായിടത്തും "കർത്താവേ, സംസാരിച്ചാലും അങ്ങയുടെ ദാസൻ കേൾക്കുന്നുണ്ട്"എന്ന് ഞാൻ പറയാൻ ഇടയാവട്ടെ.

## ലുത്തിനിയ

കർത്താവേ, കനിയണമേ

ക്രിസ്തുവേ, കനിയണമേ

കർത്താവേ, കനിയണമേ

ക്രിസ്തുവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

ക്രിസ്തുവേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**

ദൈവത്തിന്റെ പുത്രാ, ലോകവിമോചകാ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**

പരിശുദ്ധാത്മാവായ ദൈവമേ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**

പരിശുദ്ധ ത്രിത്വമേ, ഏക ദൈവമേ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**

പിതാവിനും പുത്രനും സമനായ പരിശുദ്ധാത്മാവേ /

**ഞങ്ങളിൽ വന്നു നിറയണമേ.**

പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവേ / **ഞങ്ങളിൽ വന്നു നിറയണമേ.**

ലോകത്തിന്റെ മുഖം നവീകരിക്കുന്ന പരിശുദ്ധാത്മാവേ /

**ഞങ്ങളിൽ വന്നു നിറയണമേ.**

പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ എഴുന്നള്ളി വന്ന പരിശുദ്ധാത്മാവേ / **ഞങ്ങളിൽ വന്നു നിറയണമേ.**

ആദിമ ക്രൈസ്തവ സമൂഹത്തിൽ നിറഞ്ഞ പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**

അത്ഭുതങ്ങളും അടയാളങ്ങളും നടത്തുന്ന പരിശുദ്ധാത്മാവേ /**ഞങ്ങളെ നയിക്കണമേ.**

യേശുവിന്റെ സാക്ഷികളാകാൻ ഞങ്ങളെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**

വചനത്താൽ ഞങ്ങളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ /**ഞങ്ങളെ നയിക്കണമേ.**

സഭയിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്ന പരിശുദ്ധാത്മാവേ /**ഞങ്ങളെ നയിക്കണമേ.**

കൂദാശകളാൽ ഞങ്ങളെ ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവേ /**ഞങ്ങളെ നയിക്കണമേ.**

പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**

പ്രലോഭനങ്ങളെ അതിജീവിക്കാൻ ശക്തിനൽകുന്ന പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**

പാപബോധം നൽകുന്ന പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**

നീതിബോധം നൽകുന്ന പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**

അന്ത്യവിധിയെക്കുറിച്ച് ഞങ്ങളെ പഠിപ്പിച്ച പരിശുദ്ധാത്മാവേ /

**ഞങ്ങളെ നയിക്കണമേ.**

സത്യത്തിന്റെ പൂർണ്ണതയിലേയ്ക്ക് ഞങ്ങളെ നയിക്കുന്ന പരിശുദ്ധാത്മാവേ /

**ഞങ്ങളെ നയിക്കണമേ.**

ഞങ്ങൾക്ക് ജീവൻ സമൃദ്ധമായി നൽകുന്ന പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**

ജ്ഞാനത്തിന്റെ ആത്മാവേ / **ഞങ്ങളെ നയിക്കണമേ.**

ബുദ്ധിയുടെ ദിവ്യപ്രകാശമേ / **ഞങ്ങളെ നയിക്കണമേ.**

ജ്ഞാനത്തിന്റെ ഉറവിടമേ / **ഞങ്ങളെ നയിക്കണമേ.**

ആത്മീയ ശക്തിയുടെ രശ്മികൾ പരത്തുന്നവനേ / **ഞങ്ങളെ നയിക്കണമേ.**

അറിവിന്റെ പ്രകാശമേ / **ഞങ്ങളെ നയിക്കണമേ.**

ഭക്തിയുടെ ജീവശക്തിയേ / **ഞങ്ങളെ നയിക്കണമേ.**

ദൈവഭയത്തിന്റെ പ്രകാശമേ / **ഞങ്ങളെ നയിക്കണമേ.**

വിശ്വാസത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

പ്രത്യാശയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

സ്നേഹത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ആനന്ദത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

സമാധാനത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

എളിമയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

മാന്യതയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ക്ഷമയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ആത്മനിയന്ത്രണത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

നന്മയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

കരുണയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ഐക്യത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

വിശുദ്ധിയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

വിശ്വസ്തതയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ദൈവമക്കളുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

സഭയുടെ സംരക്ഷകാ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ദിവ്യകൃപയുടെ ഉറവിടമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

സഹനത്തിൽ ആശ്വാസമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

നിത്യപ്രകാശമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ജീവന്റെ ഉറവയേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ആത്മീയ അഭിഷേകമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

മാലാഖമാരുടെ ആനന്ദമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

പ്രവാചകന്മാരുടെ പ്രചോദനമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

അപ്പസ്തോലന്മാരുടെ ഗുരുവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

രക്തസാക്ഷികളുടെ ശക്തിയുടെ ഉറവിടമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

വിശുദ്ധരുടെ ആനന്ദമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

പരിശുദ്ധാത്മാവേ, കരുണയുള്ളവനേ / **ഞങ്ങളുടെമേൽ കരുണയായിരിക്കണമേ.**

പരിശുദ്ധാത്മാവേ, കരുണയുള്ളവനേ / **ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

പരിശുദ്ധാത്മാവേ, കരുണയുള്ളവനേ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**

## പ്രാർത്ഥന

പിതാവിനോടും പുത്രനോടും കൂടെ ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവേ, എല്ലാവരെയും വിശുദ്ധീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നവനേ അങ്ങയുടെ ദാസരുടെ ഹൃദയങ്ങളിൽ നിറയണമേ. അവിടുന്ന് അത്യുന്നതനായ ദൈവത്തിന്റെ ദാനവും ജീവന്റെ ഉറവയുംെ ആദ്ധ്യാത്മിക അഭിഷേകവുമാണ്. അഗ്നിയും സ്നേഹവുമാണ്. അങ്ങുന്ന് പിതാവിന്റെ വാഗ്ദാനമാണ്. ഏഴു ദാനങ്ങളുടെ ഉടമസ്ഥനാണ്. അങ്ങയുടെ ദാനങ്ങളും ഫലങ്ങളും കൊണ്ട് ഞങ്ങളെ സമ്പന്നരാക്കണമേ. വിശുദ്ധിയോടെ ചിന്തിക്കാനും വിനയത്തോടെ സംസാരിക്കാനും വിവേകത്തോടെ പ്രവർത്തിക്കാനുമുള്ള വരം നൽകണമേ. സഹനങ്ങളുടെയിടയിൽ സ്ഥിരോത്സാഹത്തോടെ പിടിച്ചുനിൽക്കാനും സംശയങ്ങളെ ദൂരീകരിക്കാനും ജീവിതത്തിലെ മോഹഭംഗങ്ങളിൽ പ്രത്യാശ കൈവിടാതിരിക്കാനും സ്നേഹിക്കാനും മറ്റുള്ളവരിൽ അങ്ങയെ കാണാനും അനുഗ്രഹിക്കണമേ. സർവ്വശക്തനായ പിതാവിനോടും അവിടുത്തെ ഏകജാതനായ യേശുക്രിസ്തുവിനോടുംകൂടെ എന്നെന്നും ജീവിച്ചുവാഴുന്ന അങ്ങേക്ക് എല്ലാ സ്തുതിയും മഹത്വവും കൃതജ്ഞതയും ഉണ്ടായിരിക്കട്ടെ. ആമേൻ.

## 7. മദ്ധ്യസ്ഥ പ്രാർത്ഥന

കാർമ്മികൻ: സഭയുടെയും നമ്മുടെയും എല്ലാ നിയോഗങ്ങൾക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

സമൂഹം: പരിശുദ്ധാത്മാവേ കടന്നുവരണമേ

കാർമ്മികൻ: സഭയെ പുത്തൻ പന്തക്കുസ്തായാൽ നവീകരിക്കാനായി

സമൂഹം: പരിശുദ്ധാത്മാവേ കടന്നുവരണമേ

കാർമ്മികൻ: ക്രൈസ്തവർക്കിടയിൽ ഐക്യം വളരുവാനായി

സമൂഹം: പരിശുദ്ധാത്മാവേ കടന്നുവരണമേ

കാർമ്മികൻ: ജീസസ് യൂത്ത് മുന്നേറ്റം അങ്ങേ വചനം കേട്ട് ഫലസമൃദ്ധമായിത്തീരുവാൻ

സമൂഹം: പരിശുദ്ധാത്മാവേ കടന്നുവരണമേ

കാർമ്മികൻ: മാപ്പേകലിന്റെ ആനന്ദം വെളിപ്പെടുത്തുവാനായി

സമൂഹം: പരിശുദ്ധാത്മാവേ കടന്നുവരണമേ

കാർമ്മികൻ: അങ്ങേ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കുന്നതിനും അങ്ങനെ ഞങ്ങളുടെ ഹൃദയകവാടങ്ങൾ അയൽക്കാരനായി തുറന്നു നൽകുന്നതിനുമായി

സമൂഹം: പരിശുദ്ധാത്മാവേ കടന്നുവരണമേ

കാർമ്മികൻ: അങ്ങേ വാഗ്ദാനം പോലെ പുതിയ ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിനും ഞങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതിനുമായി

സമൂഹം: പരിശുദ്ധാത്മാവേ കടന്നുവരണമേ

കാർമ്മികൻ: അരക്ഷിതാവസ്ഥയുടെയും അനശ്ചിതത്തിന്റെയും ഈ കാലയളവിൽ, ഞങ്ങളുടെ പ്രത്യാശയെ നവീകരിക്കാനായി

സമൂഹം:	പരിശുദ്ധാത്മാവേ കടന്നുവരണമേ

## 8. സമാപന പ്രാർത്ഥന

ലീഡർ:	കർത്താവ് പഠിപ്പിച്ചതുപോലെ നമുക്ക് പിതാവിനെ വിളിച്ചപേക്ഷിക്കാം

സമൂഹം:	സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

ലീഡർ:	നമുക്ക് പ്രാർത്ഥിക്കാം, ദുർബലമായവയുടെ മേൽ അങ്ങ് നിശ്വസിക്കണമേ. ഞങ്ങളുടെ ഉള്ളിൽ ചാരം മൂടി കിടക്കുന്ന സ്നേഹത്തിന്റെയും ഉപവിയുടെയും കനലുകളെ അങ്ങ് ജ്വലിപ്പിക്കണമെ. അങ്ങിലൂടെ ഞങ്ങളുടെ ഹൃദയങ്ങളിലെ ഭീതിയും അന്ധകാരവും നീങ്ങി നവജീവന്റെ ഉഷസ് ഉദയം ചെയ്യട്ടെ.

സമൂഹം:	ആമേൻ

സമൂഹം:	കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ, എല്ലാ തിന്മകളിൽനിന്നും സംരക്ഷിച്ച് നിത്യജീവിതത്തിലേയ്ക്ക് നമ്മെ നയിക്കുമാറാകട്ടെ. ആമേൻ

**സമാപന ഗാനം**